# Deepika
# 9 August 2018
# Kuttanad, Flood-affected, Agricultural Loan, One Year Moratorium

## കുട്ടനാട്: കാർഷിക കടങ്ങൾക്ക് ഒരു വർഷത്തെ മോറട്ടോറിയം

**വൈദ്യുതി, വെള്ളക്കരം അടയ്ക്കാൻ ജനുവരി വരെ സാവകാശം**

**സ്വന്തം ലേഖകൻ**

**തിരുവനന്തപുരം:** പ്രളയബാധിതമായി പ്രഖ്യാപിച്ച കുട്ടനാട് ഉൾപ്പെടെയുള്ള പ്രദേശങ്ങളിലെ കർഷകരുടെ കടങ്ങൾക്ക് ഒരു വർഷം വരെ മോറട്ടോറിയം പ്രഖ്യാപിക്കാൻ മന്ത്രിസഭായോഗം തീരുമാനിച്ചു. മടവീഴ്ചയുണ്ടായ സ്ഥലങ്ങളിൽ അവയുടെ പുനർനിർമാണത്തിനുള്ള മുഴുവൻ ചെലവും സർക്കാർ വഹിക്കും. 20 ശതമാനം തുക ഉടൻ നൽകുമെന്നും മന്ത്രിസഭായോഗത്തിനു ശേഷം മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു.

ദുരിതമേഖലയിലുള്ളവരുടെ വൈദ്യുതി ബിൽ, വെള്ളക്കരം, എന്നിവ അടയ്ക്കുന്നതിനു ജനുവരി വരെ സാവകാശം നൽകും. ആധാർ, റേഷൻ കാർഡ്, വിദ്യാഭ്യാസ സർട്ടിഫിക്കറ്റ് തുടങ്ങിയവ നഷ്ടപ്പെട്ടവർക്ക് അപേക്ഷാ ഫീസ് ഒഴിവാക്കി പുതിയവ ലഭ്യമാക്കും. ഇതിനു ജില്ലാ കളക്ടർമാരുടെ നേതൃത്വത്തിൽ 16 മുതൽ 31 വരെ ബന്ധപ്പെട്ട വകുപ്പുകൾ അദാലത്ത് നടത്തും.

ജലനിരപ്പ് ഉയരാൻ സാധ്യതയുള്ള സ്ഥലങ്ങളിൽ ദുരിതാശ്വാസ ക്യാമ്പുകളായും സാമൂഹിക അടുക്കളയായും ഉപയോഗിക്കാവുന്ന വിവിധോദ്ദേശ്യ കെട്ടിടങ്ങൾ നിർമിക്കും. കുട്ടനാട്ടിലെ കെട്ടിടങ്ങൾ സാങ്കേതിക വിദ്യ ഉപയോഗിച്ച് രണ്ടു മീറ്റർ ഉയർത്തും. സർക്കാർ ഓഫിസുകളും ഉയർത്തും. വെള്ളം കയറിയ വീടുകളിലെ തറകൾ കയർ മാറ്റ് ഉപയോഗിച്ച് ഉപയോഗയോഗ്യമാക്കും. വലിയ വള്ളങ്ങളും ബോട്ടും കടന്നുപോകാൻ തടസമായി നിൽക്കുന്ന പാലങ്ങളുടെ ഉയരം കൂട്ടും.കാർഷിക കടങ്ങൾക്കു മൊറട്ടോറിയം പ്രഖ്യാപിക്കുന്നതിനു സംസ്ഥാന- ജില്ലാതല ബാങ്കിംഗ് സമിതികൾ വിളിച്ചുചേർക്കും.

കുട്ടനാട് പാക്കേജിന്റെ രണ്ടാം ഘട്ട പദ്ധതി തയാറാക്കി കേന്ദ്ര സർക്കാരിനെ സമീപിക്കും. മഴയുടെ അളവും വെള്ളപ്പൊക്ക സാധ്യതയും പ്രവചിക്കാൻ സമഗ്ര ഫ്ളഡ് ഫോർകാസ്റ്റിംഗ് സിസ്റ്റം രൂപകൽപന ചെയ്യും.

വിദ്യാർഥികൾക്കു നഷ്ടപ്പെട്ട അധ്യയന ദിവസങ്ങൾക്കു പകരം കൂടുതൽ പ്രവൃത്തി ദിവസങ്ങൾ ഒരുക്കാൻ പദ്ധതി തയാറാക്കും. ആലപ്പുഴ ചങ്ങനാശേരി റോഡിന്റെ അറ്റകുറ്റപ്പണി ഉടൻ തുടങ്ങും.

ദുരിതാശ്വാസ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് ആലപ്പുഴ ജില്ലാകളക്ടറെ സ്പെഷൽ ഓഫീസറാക്കും.198 വില്ലേജുകളെയാണു പ്രളയബാധിതമായി പ്രഖ്യാപിട്ടുള്ളത്. ആലപ്പുഴ, കോട്ടയം ജില്ലകളിലെ വില്ലേജുകൾ കൂടാതെ പത്തനംതിട്ടയിലെ അഞ്ചെണ്ണവും ഇതിൽ ഉൾപ്പെടും.